പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5285 1/07/2014-ൽ മറുപടിക്ക്

# ആനക്കയം വൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ആനക്കയം വൈദ്യുത പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ? | (എ)യും (ബി)യും<br><br>ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (7MW/22.83 Mu) സിവിൽ നിർമ്മാണ പ്രവൃത്തികൾക്കുള്ള വർക്ക് ഓർഡർ 17.01.2011-ൽ 54.92 കോടി രൂപയ്ക്ക് വലേച്ച എഞ്ചിനീയറിംഗ് ലിമിറ്റഡിന് നൽകിയിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള 8 ഹെക്ടർ വനഭൂമി കൈമാറാനുള്ള കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അന്തിമ അനുമതി 17.03.2014 ൽ മാത്രമാണ് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ (NTCA) കർശന ഉപാധികളോടെ ലഭിച്ചത്. പാറപൊട്ടിക്കുന്നതിനും തുരങ്കം നിർമ്മിക്കുന്നതിനും എക്സ് പ്ലോസീവ് ഉപയോഗിക്കാൻ പാടില്ലായെന്നുള്ള വ്യവസ്ഥ ഉള്ള തിനാൽ വലേച്ച എഞ്ചിനിയറിംഗ് ലിമിറ്റഡ് ക്വോട്ട് ചെയ്ത തുകയ്ക്ക് എഗ്രിമെന്റ് വച്ചിട്ടില്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ